# Malayalam
# Nineveh Lent
# Prayer




*St. Gregorios Indian Orthodox Church, Lakeview*

# MONDAY EVENING PRAYER

## മൂന്നുനോമ്പിലെ പ്രാർത്ഥനാക്രമം

### പ്രാരംഭം

പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ സത്യേക ദൈവത്തിന്റെ തിരുനാമത്തിൽ, എന്നെന്നേക്കും ആമ്മീൻ.

ആകാശവും ഭൂമിയും തന്റെ മഹത്ത്വംകൊണ്ടു നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവംതമ്പുരാൻ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ, ഉയരങ്ങളിൽ ഊശാന. ദൈവമായ കർത്താവിന്റെ തിരുനാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനും ആയവൻ വാഴ്ത്തപ്പെട്ടവനാകുന്നു. ഉയരങ്ങളിൽ സ്തുതി.

### കൗമാ

ദൈവമേ നീ പരിശുദ്ധനാകുന്നു. ബലവാനേ നീ പരിശുദ്ധനാകുന്നു. മരണമില്ലാത്തവനേ നീ പരിശുദ്ധനാകുന്നു. മരണമില്ലാത്തവനേ നീ പരിശുദ്ധനാകുന്നു. ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ടവനേ + ഞങ്ങളോടു കരുണചെയ്യണമേ.

(+ കുരിശുവരച്ച് കുമ്പിടണം)
(ഇതു മൂന്നുപ്രാവശ്യം ചൊല്ലിയശേഷം)

ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണചെയ്യണമേ. ഞങ്ങളുടെ കർത്താവേ കൃപചെയ്ത് ഞങ്ങളോടു കരുണ ചെയ്യണമെ. ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ ശുശ്രൂഷയും പ്രാർത്ഥനകളും കൈക്കൊണ്ട് ഞങ്ങളോടു കരുണചെയ്യണമേ.

ദൈവമേ നിനക്കു സ്തുതി. സ്രഷ്ടാവേ നിനക്കു സ്തുതി. പാപികളായ നിന്റെ അടിയാരോട് കരുണചെയ്യുന്ന മിശിഹാ രാജാവേ നിനക്കു സ്തുതി. ബാറെക്മോർ

## കർത്തൃപ്രാർത്ഥന

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ തിരുനാമം പരിശുദ്ധമാകപ്പെടണമേ. നിന്റെ രാജ്യം വരണമെ. നിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമേ. ഞങ്ങൾക്കാവശ്യമുള്ള അപ്പം ഇന്നും ഞങ്ങൾക്കു തരണമേ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമേ. പരീക്ഷയിലേക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതേ. പിന്നെയോ ദുഷ്ടനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമേ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്ത്വവും എന്നെന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

കൃപനിറഞ്ഞ മറിയമേ! നിനക്കു സമാധാനം. നമ്മുടെ കർത്താവു നിന്നോടുകൂടെ. നീ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ. നിന്റെ വയറ്റിലെ ഫലമായ നമ്മുടെ കർത്താവീശോമിശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. ദൈവമാതാവായ വിശുദ്ധ കന്യക മർത്തമറിയമേ പാപികളായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണസമയത്തിലും അപേക്ഷിച്ചു കൊള്ളണമേ. ആമ്മീൻ.

# തിങ്കളാഴ്ച സന്ധ്യ

ഒരു കൗമാ

140, 141, 118, 116 മസുമൂറകൾ

കർത്താവേ നിന്നെ ഞാൻ വിളിച്ചു. എന്നോടു നീ ഉത്തരമരുളിച്ചെയ്ത് എന്റെ വചനങ്ങൾ സൂക്ഷിച്ചു കേട്ട് കൈക്കൊള്ളണമേ.

എന്റെ പ്രാർത്ഥന നിന്റെ മുമ്പാകെ ധൂപംപോലെയും എന്റെ കൈകളിൽനിന്നുള്ള കാഴ്ച സന്ധ്യയുടെ വഴിപാടു

പോലെയും ഇരിക്കണമേ. എന്റെ ഹൃദയം ഒരു ദുഷ്കാര്യത്തിനും ചായാതെയും ഞാൻ അന്യായക്രിയകളെ പ്രവർത്തിക്കാതെയും ഇരിക്കത്തക്കവണ്ണം എന്റെ വായ്ക്ക് ഒരു കാവൽക്കാരനെയും എന്റെ അധരങ്ങൾക്ക് ഒരു കാവൽക്കാരനെയും നിയമിക്കണമേ.

ദുഷ്ടമനുഷ്യരോടുകൂടെ ഞാൻ ചേരുമാറാകരുതേ. നീതിമാൻ എന്നെ പഠിപ്പിക്കയും ശാസിക്കയും ചെയ്യട്ടെ. ദുഷ്ടന്മാരുടെ എണ്ണ എന്റെ തലയെ കൊഴുപ്പിക്കരുതേ. എന്തെന്നാൽ എന്റെ പ്രാർത്ഥന അവരുടെ ദോഷത്തെക്കുറിച്ചാകുന്നു. അവരുടെ സൈന്യാധിപന്മാർ പാറയിൻമുനയാൽ തടയപ്പെട്ടു. ഇമ്പമുള്ള എന്റെ വചനങ്ങൾ അവർ കേട്ടു.

കൊഴുവ് ഭൂമിയെ പിളർക്കുന്നതുപോലെ പാതാളത്തിന്റെ വായ്ക്കരുകിൽ അവരുടെ അസ്ഥികൾ ചിതറപ്പെട്ടു. കർത്താവേ നിന്റെ അടുക്കലേക്ക് എന്റെ കണ്ണുകൾ ഞാൻ ഉയർത്തി നിന്നിൽ ശരണപ്പെട്ടു. എന്റെ ആത്മാവിനെ തള്ളിക്കളയരുതേ.

എനിക്കായി കെണികൾ മറച്ചുവച്ചിട്ടുള്ള പ്രശംസക്കാരുടെ കൈയിൽനിന്ന് എന്നെ കാത്തുകൊള്ളണമേ. ഞാൻ കടന്നുപോകുമ്പോൾ അന്യായക്കാർ തങ്ങളുടെ വലകളിൽ ഒരുമിച്ചു വീഴട്ടെ.

ഞാൻ എന്റെ ശബ്ദത്താൽ കർത്താവിനെ വിളിച്ചു. എന്റെ ശബ്ദത്താൽ കർത്താവിനോട് ഞാൻ അപേക്ഷിച്ചു. അവന്റെ മുമ്പാകെ എന്റെ സങ്കടം ഞാൻ ബോധിപ്പിച്ചു. അവന്റെ മുമ്പാകെ എന്റെ ഞെരുക്കം ഞാൻ അറിയിക്കുകയും ചെയ്തു. എന്റെ ആത്മാവ് കുണ്ഠിതപ്പെട്ടപ്പോൾ നീ എന്റെ ഊടുവഴികൾ അറിയുന്നുവല്ലോ.

എന്റെ നടപ്പുകളുടെ വഴിയിൽ അവർ എനിക്കായി കെണികൾ മറച്ചുവച്ചു. ഞാൻ വലത്തോട്ടു നോക്കി; എന്നെ അറിയുന്നവൻ ഇല്ലെന്നു ഞാൻ കണ്ടു. സങ്കേതസ്ഥലം എനിക്കില്ലാതെയായി. എന്റെ ആത്മാവിനുവേണ്ടി പകരം ചോദിക്കുന്ന

വനുമില്ല. കർത്താവേ നിന്റെ അടുക്കൽ ഞാൻ നിലവിളിച്ചു. നീ എന്റെ ആശ്രയവും ജീവനുള്ളവരുടെ ദേശത്ത് എന്റെ ഓഹരിയും ആകുന്നു എന്ന് ഞാൻ പറഞ്ഞു.

ഞാൻ ഏറ്റവും താഴ്ത്തപ്പെട്ടിരിക്കകൊണ്ട് എന്റെ അപേക്ഷയെ സൂക്ഷിച്ചു കേൾക്കണമേ. എന്നെ പീഡിപ്പിക്കുന്നവർ എന്നെക്കാൾ ബലവാന്മാരായതുകൊണ്ട് അവരിൽനിന്ന് എന്നെ വിടുവിക്കണമേ. ഞാൻ നിന്റെ നാമത്തെ സ്തോത്രം ചെയ്യേണ്ടുന്നതിനായിട്ട് എന്റെ ആത്മാവിനെ കാരാഗൃഹത്തിൽനിന്ന് വിടുവിക്കേണമേ. നീ എനിക്കുവേണ്ടി പകരം ചെയ്യുമ്പോൾ നിന്റെ നീതിമാന്മാർ എനിക്കായി കാത്തിരിക്കും.

നിന്റെ വചനം എന്റെ കാലുകൾക്കു വിളക്കും എന്റെ ഊടുവഴികൾക്ക് പ്രകാശവും ആകുന്നു. നിന്റെ നീതിയുള്ള ന്യായങ്ങൾ പ്രമാണിക്കുന്നതിനായിട്ട് ഞാൻ ആണയിട്ടു നിശ്ചയിച്ചു. ഞാൻ ഏറ്റവും ക്ഷീണിച്ചു. കർത്താവേ നിന്റെ വചനപ്രകാരം എന്നെ ജീവിപ്പിക്കണമേ. കർത്താവേ എന്റെ വായിലെ വചനങ്ങളിൽ നീ ഇഷ്ടപ്പെട്ടു. നിന്റെ ന്യായങ്ങളിൽനിന്ന് എന്നെ പഠിപ്പിക്കേണമേ.

എന്റെ ആത്മാവ് എല്ലായ്പ്പോഴും നിന്റെ കൈകളിൽ ഇരിക്കുന്നു. നിന്റെ വേദപ്രമാണം ഞാൻ മറന്നില്ല. പാപികൾ എനിക്കായി കെണികൾ മറച്ചുവച്ചു. നിന്റെ കല്പനകളിൽനിന്ന് ഞാൻ തെറ്റിപ്പോയില്ല. ഞാൻ നിന്റെ സാക്ഷിയെ എന്നേക്കുമായി അവകാശപ്പെടുത്തി. എന്തെന്നാൽ അത് എന്റെ ഹൃദയത്തിന്റെ ആനന്ദം ആകുന്നു. നിന്റെ കല്പനകളെ എന്നേയ്ക്കും സത്യത്തോടെ നിവൃത്തിപ്പാനായിട്ട് ഞാൻ എന്റെ ഹൃദയത്തെ തിരിച്ചു.

സകല ജനങ്ങളുമേ കർത്താവിനെ സ്തുതിപ്പിൻ. സകല ജാതികളുമേ അവനെ സ്തുതിപ്പിൻ. എന്തെന്നാൽ അവന്റെ കൃപ നമ്മുടെമേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട്

എന്നേക്കും കർത്താവാകുന്നു. ദൈവമേ സ്തുതി, നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ

## എനിയോനോ

1. കർത്താവേ, നിന്റെ വാതിലിൽ ഞങ്ങൾ മുട്ടുകയും നിന്റെ സമൃദ്ധിയേറിയ ശ്രീഭണ്ഡാരത്തിൽനിന്ന് കരുണയും ദയയും യാചിക്കുകയും ചെയ്യുന്നു. ഞങ്ങൾ നിന്നെ സ്തോത്രം ചെയ്തു വന്ദിച്ചു സ്തുതിപാടുവാനായിട്ട് നിന്റെ കൃപയാൽ ഞങ്ങളുടെ കടങ്ങൾ ക്ഷമിക്കണമേ.

2. നമ്മിൽനിന്ന് ശിക്ഷകളും കോപത്തിന്റെ വടികളും നീക്കിമായിപ്പാനായിട്ട് ദൈവത്തോടു നിനുവായക്കാരെപ്പോലെ അതിവേദനയോടെ നാം യാചിക്കണം. സകല ജാതികളുമേ! വരുവിൻ, നമുക്കവനെ കുമ്പിട്ടു വന്ദിക്കാം.

3. അനുതാപികളുടെ നിർമ്മലസംഘങ്ങൾക്കായിട്ടു രാജകുമാരൻ അഴിവില്ലാത്ത വിരുന്നും പരിശുദ്ധറൂഹായുടെ ജീവനുള്ള പാനീയവും തയ്യാറാക്കുന്നു. സകല ജാതികളുമേ വരുവിൻ, നമുക്കവനെ കുമ്പിട്ടു വന്ദിക്കാം.

4. കാരുണ്യവാനേ നിനുവായക്കാരെപ്പോലെ ഞങ്ങൾ നിന്നെ വിളിക്കുന്നു. ദോഷികളായ ഞങ്ങളോടു ദയവുണ്ടാകയും നിന്റെ കരുണയാൽ ഞങ്ങളുടെ ശുശ്രൂഷ കൈക്കൊള്ളുകയും ചെയ്യണമേ. ഞങ്ങൾ നിന്നെ സ്തോത്രം ചെയ്തു വന്ദിച്ചു നിനക്കു സ്തുതി പാടുമാറാകണമേ. ബാറെക്മോർ

5. കരുണനിറഞ്ഞവനായ കർത്താവേ, നിന്നിൽ സങ്കേതപ്പെടുന്ന പാപികളെ കടങ്ങളുടെ പരിഹാരത്തിനു നീ യോഗ്യരാക്കേണമേ. അവരുടെ അനുതാപത്തിനു പ്രതിഫലം നല്കണമേ. ഞങ്ങൾ നിന്നെ സ്തോത്രം ചെയ്തു വന്ദിച്ചു നിനക്കു സ്തുതി പാടുമാറാകണമേ.

സ്തൗമെൻ കാലോസ് കുറിയേലായിസ്സോൻ

## കോലോകൾ

1. ഉത്തമനും ദയവാനുമായ കർത്താവേ നിനക്കു സ്തുതി. എല്ലാ വിധത്തിലും മനുഷ്യരുടെ രക്ഷയെ നീ ആഗ്രഹിക്കുന്നു. മനുഷ്യസ്നേഹമുള്ള കർത്താവേ സത്യത്തെ വെടിഞ്ഞ് പാപ വികാരങ്ങൾക്ക് അടിമപ്പെട്ട നിനുവയെ, സാത്താന് ഓഹരി യായിത്തീരുവാൻ തക്കവണ്ണം നീ കൈവിട്ടില്ല. ഉഗ്രമായ ന്യായത്തീർപ്പാൽ വഴിതെറ്റിൽനിന്ന് അതിനെ തിരിക്കുകയും നിന്റെ തിരുനാമത്തിന്റെ നല്ല അവകാശമായിത്തീരുകയും അനു താപത്താൽ ശ്രേഷ്ഠതപ്രാപിക്കയും ചെയ്തു. ബാറെക്മോർ

2. പരാക്രമികളുടെ പട്ടണമായ നിനുവ മായയിൽ വഴി തെറ്റി, സത്യവഴിയെ വിട്ടുകളഞ്ഞു, എന്നാൽ അതു പാപത്തിന് ഓഹരിയാകുവാനായിട്ടു നീ അതിനെ ഉപേക്ഷിക്കാതെ, നിന്റെ മനുഷ്യസ്നേഹത്താൽ നാശത്തിൽനിന്ന് അതിനെ വീണ്ടെടുത്തു. നിന്റെ ദയയിൽ അതു സങ്കേതപ്പെട്ടു. നിന്റെ കൃപ യാൽ രക്ഷനേടി. കർത്താവേ, ഇതാ നിന്റെ സഭ അതിന്റെ മക്ക ളോടു നീ കരുണചെയ്വാനായിട്ട് എല്ലായ്പ്പോഴും നിന്നോടു നിലവിളിക്കുന്നു.

3. കർത്താവേ, നിന്റെ കരുണയുടെ വാതിലിൽ ഞങ്ങളുടെ അപേക്ഷയുടെ സ്വരം മുട്ടുന്നു. നിന്നെ വന്ദിക്കുന്നവരിൽനിന്ന് അവരുടെ ആവശ്യങ്ങൾ നീ വിരോധിക്കരുതേ. പാപിനിയായ സ്ത്രീ കണ്ണുനീരോടെ നിന്നോടു പ്രാർത്ഥിക്കുകയും നിന്നിൽ നിന്ന് അവൾ മോചനം പ്രാപിക്കയും ചെയ്തു. നിന്റെ ഇടവക യിലെ ആചാര്യന്മാരുടെ കണ്ണുനീരാൽ, നീ സമ്പാദിച്ച സഭയോടു ദയ ചെയ്യണമേ. കർത്താവേ ഞങ്ങൾ പാപംചെയ്തുവെന്ന് ഞങ്ങൾ അറിയുന്നു. ഞങ്ങളുടെ തിന്മകൾ പെരുകിക്കൊണ്ടിരി ക്കയും ചെയ്യുന്നു. ഉത്തമനായുള്ളോവേ, കരുണയോടെ മനസ്സ ലിഞ്ഞ് അന്യായത്തിന്റെ എല്ലാ മാലിന്യങ്ങളിൽനിന്നു ഞങ്ങളെ വെടിപ്പാക്കണമേ. മൊറിയൊറാഹേംമേലൈൻ...

## വീണ്ടും കോലോകൾ

1. ദൈവത്തിന്റെ മുമ്പാകെ നിനുവനഗരം അനുതപിക്കയും സ്വർഗ്ഗീയവാതിലുകൾ തുറന്നു കരുണപ്രാപിക്കയും ചെയ്തു. രാജാവ് ഉപവസിച്ച് ചാക്കുടുത്തു ദുഃഖിച്ചു. പ്രജകളും അതു കണ്ട് രട്ടുടുത്ത് തലയിൽ വെണ്ണീർ തൂകി. അവരുടെ അന്യായത്തിൽനിന്ന് അവർ പിന്തിരിഞ്ഞുവെന്ന് കർത്താവ് കണ്ടു. നീതിപൂർവ്വകമായ ശിക്ഷയെ പിൻവലിച്ചു. തന്റെ സന്നിധിയിലേക്ക് തിരിയുന്ന അനുതാപികളിൽ സന്തോഷിക്കുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു. ബാറെക്മോർ

2. യൗനാൻദീർഘദർശി സ്വയമായി മരണം നിശ്ചയിച്ചു. യൗന നിനുവ മറിച്ചിടുന്നതിനെ നോക്കിപ്പാർത്തു. നിനുവായക്കാർ നാല്പതുദിവസത്തെ നോമ്പും നിശ്ചയിച്ചു. കർത്താവിൽ നിന്നുള്ള കരുണയ്ക്കായും നോക്കിപ്പാർത്തു. താൻ അവരുടെ കണ്ണുനീർ കണ്ട് കരുണ ചൊരിയുകയും അവരുടെ അപേക്ഷയെ കൈക്കൊള്ളുകയും ചെയ്തു. ദൈവമേ നിന്റെ വന്ദനവുകാരോട് നീ ഉത്തരമരുളുകയും നിന്റെ കരുണയാൽ അവരുടെ യാചനകൾക്ക് മറുപടി കല്പിക്കയും ചെയ്യണമേ.

3. കർത്താവേ പരിമളധൂപത്തെ ഞങ്ങൾ സമർപ്പിച്ചുകൊണ്ട് നിന്റെ ശ്രീഭണ്ഡാരത്തിൽനിന്ന് കരുണയും ദയവും ഞങ്ങൾ യാചിക്കുന്നു. എന്തെന്നാൽ നീ അനുകമ്പയുള്ളവനും അനുതാപികളിൽ ഇഷ്ടപ്പെടുന്നവനും ആകുന്നുവല്ലോ. ദൈവമായ കർത്താവേ നീയല്ലാതെ ഞങ്ങൾക്കു വേറെ ശരണവും ആശ്രയവുമില്ല. സങ്കടത്തോടും കണ്ണുനീരോടും സ്നേഹത്തോടും വിശ്വാസത്തോടുംകൂടി ഞങ്ങൾ യാചിക്കുന്നു. നല്ലവനേ ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ട് നിന്റെ കരുണയാൽ ഞങ്ങളുടെ യാചനകൾക്ക് ഉത്തരമരുളണമേ.

മൊറിയൊറാഹേംമേലെൻ...

## ബോവൂസോ

1. ഞങ്ങളുടെ നാഥനായ കർത്താവേ, നിന്നെ ഞങ്ങൾ നോക്കി വിളിക്കുന്നു. ഞങ്ങളുടെ സഹായത്തിനു വന്ന് ഞങ്ങളുടെ അപേക്ഷയെ കേട്ട് ഞങ്ങളുടെ ആത്മാക്കൾമേൽ കരുണചെയ്യണമേ.

2. നിനുവയിലെ ജനത്തെ അനുതാപത്തിലേക്കു തിരിക്കുവാൻ യൗനാന് ദൈവത്തിൽനിന്നു വെളിപ്പാടുണ്ടായി. അതിന് ന്യായത്തീർപ്പു വിധിച്ചുംകൊണ്ട് ദുഷ്ടതകൾ നീക്കിക്കളയുവാനായിട്ട് മാനസാന്തരം പ്രസംഗിപ്പാൻ തക്കവണ്ണം അവനെ താൻ അയയ്ക്കുകയും ചെയ്തു. നിനുവയേ നിന്റെ ദുഷ്ടതയും അധർമ്മങ്ങളും പെരുകിയിരിക്കുന്നതിനാൽ നിനക്കു കഷ്ടം! ഇനിയും നാല്പതു ദിവസത്തിനുള്ളിൽ നീ മൺകൂമ്പാരമായി ത്തീരും. നാല്പതു ദിവസത്തിനുള്ളിൽ നിന്റെ ഭംഗിയെല്ലാം വാടിപ്പോകയും നിന്റെ പ്രകാശം മുഴുവനും ഇരുണ്ടുപോകുകയും ചെയ്യും എന്ന് പറഞ്ഞു.

3. പ്രസംഗക്കാരന്റെ വചനത്തെ ഒട്ടും സംശയിക്കാതെ യാചനയ്ക്കായി അവർ ഒരുമിച്ചുകൂടി. യൗനാനെ അവർ ശ്രദ്ധിക്കയും അവൻ പറഞ്ഞ സർവ്വവും സ്വീകരിച്ച് ഉറയ്ക്കുകയും ചെയ്തു. കർത്താവിനോടു യാചിപ്പാനായി അവർ ഒരുങ്ങി. രാജാവും അധികാരികളും നഗരവാസികളുമെല്ലാം നിനുവയ്ക്ക് മാനസാന്തരം പ്രസംഗിച്ച യൗനാന്റെ പ്രസംഗഗാംഭീര്യത്തിൽ ഇളകി. ജനങ്ങളെല്ലാം പരിഭ്രമിച്ചു.

4. സകലവും കേൾക്കുന്നവനും പ്രാർത്ഥനകൾ കൈക്കൊള്ളുന്നവനുമായ കർത്താവേ ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളുടെ ആത്മാക്കൾമേൽ കരുണചെയ്യണമേ.

## പ്രാർത്ഥന

ഞങ്ങളുടെ കർത്താവായ യേശുമിശിഹാ, നിന്റെ കരുണയുടെ വാതിൽ ഞങ്ങളുടെ മുഖങ്ങൾക്കു നേരെ നീ

അടയ്ക്കരുതേ. കർത്താവേ ഞങ്ങൾ പാപികളാകുന്നു എന്നു ഞങ്ങൾ ഏറ്റു പറയുന്നു. ഞങ്ങളോടു കരുണയുണ്ടാകണമേ.

കർത്താവേ നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മാഞ്ഞുപോകുവാനായിട്ട് നിന്റെ സ്നേഹം നിന്റെ സ്ഥാനത്തു നിന്ന് ഞങ്ങളുടെ അടുക്കലേക്ക് നിന്നെ ഇറക്കി. ഞങ്ങളോടു കരുണയുണ്ടാകണമേ.

## തിങ്കളാഴ്ച സൂത്താറാ

ഒരു കൗമാ

തെശുബുഹത്തൊലാലാലോഹൊബമറൗമ്മെ, അൽഅറ ഒശ്ലോമ്മോ സബ്റൂറൊതോബ്ബൊലബിനൈനോശോ–

അർത്ഥം:- ഉന്നതങ്ങളിൽ ദൈവത്തിനു സ്തുതിയും ഭൂമിയിൽ സമാധാനവും നിരപ്പും മനുഷ്യമക്കൾക്കു നല്ല ശരണവും ഉണ്ടായിരിക്കട്ടെ. +

(ഈ സ്തുതിപ്പ് മൂന്നു പ്രാവശ്യം ചൊല്ലി കുമ്പിടണം)

**മസുമുറ 4**

എന്റെ ദൈവവും എന്റെ നീതിയുടെ രക്ഷിതാവുമേ നിന്നെ ഞാൻ വിളിച്ചപ്പോൾ നീ എന്നോട് ഉത്തരമരുളിച്ചെയ്തു.

എന്റെ ഞെരുക്കളിൽ നീ എന്നെ ആശ്വസിപ്പിച്ചു. എന്നോട് കരുണ ചെയ്ത് എന്റെ പ്രാർത്ഥനയെ കേൾക്കേണമേ.

മനുഷ്യമക്കളേ നിങ്ങൾ എത്രത്തോളം എന്റെ ബഹുമാനത്തെ മറക്കുകയും വ്യർത്ഥതയെ സ്നേഹിക്കുകയും വ്യാജത്തെ അന്വേഷിക്കുകയും ചെയ്യുന്നു.

കർത്താവ് അത്ഭുതത്താൽ തെരഞ്ഞെടുക്കപ്പെട്ടവനെ തനിക്കായി വേർതിരിച്ചു എന്നറിഞ്ഞുകൊൾവീൻ. ഞാൻ വിളിക്കുമ്പോൾ കർത്താവു കേൾക്കും.

കോപിപ്പിൻ, നിങ്ങൾ പാപം ചെയ്യരുത്. നിങ്ങളുടെ ഹൃദയങ്ങളിൽ പറയുകയും നിങ്ങളുടെ കിടക്കകളിന്മേൽ നിരൂപിക്കുകയും ചെയ്‌വിൻ.

നീതിയുടെ ബലികൾ നിങ്ങൾ കഴിച്ചു കർത്താവിൽ ശരണം പ്രാപിപ്പിൻ.

നല്ലവനെ നമുക്ക് ആരു കാണിച്ചുതരുമെന്നും അവന്റെ മുഖപ്രകാശത്തെ നമ്മുടെമേൽ വിരിക്കട്ടെയെന്നും പറയുന്നവർ പലരുണ്ട്.

കർത്താവേ അവരുടെ ധാന്യവും വീഞ്ഞും എണ്ണയും ഒരുമിച്ചു സമാധാനത്തോടെ വർദ്ധിച്ച കാലത്തേക്കാൾ എന്റെ ഹൃദയത്തിൽ നിന്റെ സന്തോഷം നീ തന്നു.

ഞാൻ കിടന്നുറങ്ങും. എന്തെന്നാൽ കർത്താവേ നീ മാത്രം എന്നെ അടക്കത്തോടെ വസിക്കുമാറാക്കും. ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ

## എക്ബോ

കർത്താവേ! പാപിനിയുടെ മുമ്പിൽ തുറന്നുകൊടുത്തതു പോലെ നിന്റെ കരുണാവാതിൽ എനിക്കു തുറന്നു തരണമേ. ഞാൻ അർപ്പിക്കുന്ന കണ്ണുനീർ കൈക്കൊണ്ട് എനിക്ക് പാപപരിഹാരം നൽകണമേ. ജീവജലമായ നിന്നിൽ ഞാൻ ശരണപ്പെടുന്നു. ഞാൻ അബ്രഹാമിൽനിന്ന് വെള്ളം യാചിക്കുവാൻ ഇടയാകാതിരിക്കേണ്ടതിന് ജീവജലമായ നിന്നെ ഞാൻ സഹയാത്രക്കാരനായി സ്വീകരിച്ചിരിക്കുന്നു. എന്തെന്നാൽ ആ ധനവാന്റെ ഉപമയിൽ വിരലിന്റെ അഗ്രം മുക്കി വെള്ളം കിട്ടുവാൻ യാചിച്ചതായി ഞാൻ കേട്ടിരിക്കുന്നു.

സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ

## കോലോകൾ

1. കർത്താവേ! എന്റെ ബലഹീനതയിൽ നീ സൂക്ഷിച്ചു നോക്കേണമേ. എന്തെന്നാൽ ഞാൻ ഏറ്റവും പാപം ചെയ്ത് നിന്നെ കോപിപ്പിച്ചു. ആരിൽ സങ്കേതം പ്രാപിക്കേണ്ടു എന്ന് ഞാൻ അറിയുന്നില്ല. വൈദ്യന്മാരുടെ അടുക്കൽ ഞാൻ സമീപിക്കുകയും അവർ അവരുടെ ഔഷധങ്ങൾ എന്നിൽ ചെലവഴിക്കുകയും ചെയ്തു. എങ്കിലും എന്റെ മുറിവ് കഠിനമായിരിക്കുന്നു. അതിനെ സുഖപ്പെടുത്താവുന്നവനില്ല. നീ ഉത്തമ വൈദ്യനാകുന്നു എന്നും നിനക്ക് വളരെ ഔഷധം ഉണ്ടെന്നും നിന്നെ സമീപിക്കുന്നവൻ സുഖം പ്രാപിക്കുമെന്നും ഞാൻ കേട്ടിരിക്കുന്നു. നിന്റെ ജനകനായ പിതാവിന്റെ സ്നേഹത്താലും നിന്നെ പ്രസവിച്ച മറിയാമിന്റെ പ്രാർത്ഥനയാലും എന്റെ കടങ്ങൾ ക്ഷമിക്കണമേ.

ബാറെക്മോർ

2. എന്റെ കർത്താവേ എന്റെ പാപങ്ങളിൽ ഞാൻ മരിക്കുവാൻ ഇടയാകരുതേ! നീ സ്നേഹിക്കുന്ന കാഴ്ചയാകുന്ന കണ്ണുനീരുകളെ ഞാൻ നിനക്ക് അർപ്പിക്കുന്നു. കാളകളെയോ, കുഞ്ഞാടുകളെയോ, മുട്ടാടുകളെയോ, ചങ്ങാലികളെയോ, പ്രാവിൻകുഞ്ഞുങ്ങളെയോ അല്ല, എന്റെ രണ്ടു കണ്ണുനീർ തുള്ളികളെയത്രേ എനിക്കു സമർപ്പിക്കുവാനുള്ളത്. നിന്റെ ജനകനായ പിതാവിന്റെ സ്നേഹത്താലും നിന്നെ പ്രസവിച്ച മറിയാമിന്റെ പ്രാർത്ഥനയാലും എന്റെ കടങ്ങൾ ക്ഷമിക്കണമേ.

മൊറിയൊറാഹേംമേലൈൻ...

## അല്ലെങ്കിൽ

കരുണയുള്ള ദൈവമേ! നിന്റെ വാതിലിൽ ഞങ്ങളുടെ അപേക്ഷയുടെ സ്വരം മുട്ടുന്നു. നിന്നെ വന്ദിക്കുന്നവരിൽനിന്ന് അവരുടെ ആവശ്യങ്ങൾ വിരോധിക്കരുതേ.

ദൈവമേ ഞങ്ങളുടെ ബലഹീനതയുടെ സഹായത്തിനായി നിന്നെ ഞങ്ങൾ വിളിക്കുന്നു. നല്ലവനേ ഞങ്ങളുടെ അപേക്ഷ

യുടെ സ്വരംകേട്ട് നിന്റെ കരുണയാൽ ഞങ്ങളുടെ യാചനകൾക്കു ഉത്തരമരുളുമാറാകണമേ.

## മാർ യാക്കോബിന്റെ ബോവൂസോ

1. ഞങ്ങളുടെ നാഥനായ കർത്താവേ! നിന്നെ ഞങ്ങൾ വിളിക്കുന്നു. ഞങ്ങളുടെ സഹായത്തിനായി വന്ന് അപേക്ഷയെ കേട്ട് ഞങ്ങളുടെ ആത്മാക്കൾമേൽ കരുണചെയ്യണമേ.

2. ഈറേന്മാരുടെയും മാലാഖമാരുടെയും നാഥനായ കർത്താധി കർത്താവേ ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളുടെ ആത്മാക്കളുടെമേൽ കരുണചെയ്യണമേ.

3. പിതാവും പുത്രനും പരിശുദ്ധാത്മാവുമായുള്ളോവേ എന്റെ ഹൃദയത്തെ പ്രകാശിപ്പിക്കണമേ. വിശ്വാസത്തോടെ നിന്റെ വാതുക്കൽ ഞാൻ മുട്ടിയിരിക്കുന്നതിനാൽ ദയവോടെ എന്നോട് ഉത്തരമരുളേണമേ.

4. നിന്റെ സത്യത്തെ ഞാൻ കാണുകയും നിന്റെ നാമത്തെ സ്തോത്രം ചെയ്യുകയും ചെയ്‌വാൻ എന്റെ കണ്ണുകളെ പ്രകാശിപ്പിക്കണമെ. നിന്റെ ദയയിൽ ഞാൻ സങ്കേതപ്പെട്ടിരിക്കുന്നതിനാൽ എന്നെ നീ കാത്തുകൊള്ളേണമേ.

5. കർത്താവേ നിന്നോടു ഞാൻ അപേക്ഷിച്ചിരിക്കകൊണ്ട് വെടിപ്പുള്ള ഹൃദയം എനിക്കു തരേണമേ. നിന്റെ നിറവിൽനിന്ന് നിത്യജീവനെക്കുറിച്ചുള്ള ജ്ഞാനം എന്റെ ബോധത്തിൽ നീ വസിപ്പിക്കേണമേ.

6. ദുഷ്ടനെതിരായി എനിക്കു സഹായത്തിന് ആത്മീയ ആയുധം ഉണ്ടായിരിക്കേണമേ. നിന്റെ നാമത്താൽ എന്നെ മുദ്രയിടുകയും എന്റെ ജീവനെ നാശത്തിൽനിന്ന് രക്ഷിക്കുകയും ചെയ്യണമേ.

7. നിന്റെ ഭാഗ്യത്തെ ഞാൻ സ്നേഹിക്കുകയും നിന്റെ പിന്നാലെ വരികയും ചെയ്തതുകൊണ്ട് എന്നെ ലജ്ജിപ്പി

ക്കരുതേ. നിന്റെ പതിവിൻപ്രകാരം നിന്റെ വലതുകൈ എന്റെ മേൽ ആവസിപ്പിക്കേണമേ.

8. എന്റെ ഇഷ്ടം മുഴുവനും ഞാൻ നിനക്കുള്ളവനായിത്തീരണമെന്നുള്ളത് മാത്രമാണ്; കാരുണ്യവാനായ പിതാവും നാഥനുമേ നിന്നെ ഞാൻ വന്ദിക്കുന്നു.

9. ഞാൻ നിന്നിൽനിന്ന് കരുണയും ദയയും പ്രാപിച്ചിരിക്കുന്നതിനാൽ എന്നെ ലജ്ജിപ്പിക്കരുതേ! വ്യാപാരിയെപ്പോലെ എന്റെ ഹൃദയം നിന്റെ നിക്ഷേപത്തെ വഹിക്കുമാറാകണമേ.

10. സത്യത്തിന്റെ പുസ്തകം ഞാൻ വായിച്ചു പഠിക്കേണ്ടതിനായി എനിക്ക് ഇടയാക്കേണമേ. കർത്താവേ ഞാൻ നിന്റെ ദാസനും ദാസീപുത്രനുമാകയാൽ നിന്റെ സന്നിധിയിൽ എന്നെ ജീവിപ്പിക്കണമേ.

11. നിന്റെ ശരീരം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയും ചെയ്തിരിക്കുന്നതിനാൽ നീ മൂലം ഞാൻ ജീവിക്കുമാറാകണമേ. നിന്റെ സ്ലീബാ ഉപദ്രവങ്ങളിൽനിന്ന് എന്നെ കാക്കുന്ന കോട്ടയായിത്തീരേണമേ.

12. കർത്താവേ! നിന്നോട് ഞാൻ പ്രാർത്ഥിച്ചതുകൊണ്ട് നിന്റെ വലതുതൃക്കൈ എന്റെ മേൽ ആവസിപ്പിക്കേണമേ. ഉത്തമ ഇടയനായുള്ളോവേ! നിന്റെ ആട്ടിൻകൂട്ടത്തിൽ എന്നെ ഒരു കുഞ്ഞാടാക്കേണമേ.

13. ലോകങ്ങളുടെ പിതാവും ജീവന്റെ അധിപതിയുമായുള്ളോവേ! നിന്റെ നാമത്തിന് സ്തുതി. എന്റെ അപേക്ഷ നിന്റെ ശ്രേഷ്ഠതയുടെ മുമ്പാകെ കാഴ്ചപോലെ പ്രവേശിക്കുമാറാകണമേ.

14. സകലവും കേൾക്കുന്നവനും പ്രാർത്ഥനകളെ കൈക്കൊള്ളുന്നവനുമായുള്ളോവേ ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളുടെ ആത്മാക്കളിൽ കരുണചെയ്യണമേ.

അല്ലെങ്കിൽ

# മാർ അപ്രേമിന്റെ ശയനപ്രാർത്ഥന

1. കർത്താവേ കൃപ ചെയ്യണമേ
കൈക്കൊണ്ടടിയാരുടെ കർമ്മം
പൊറുതിയയച്ചരുളേണമേ നി-
ന്നറയീന്നലിവുമനുഗ്രഹവും.

2. നിദ്രവെടിഞ്ഞിട്ടുണർവോടു ഞാൻ
നിൻമുൻ നിൽക്കാറാകണമേ
വീണ്ടും മുറങ്ങിലതിൽ പാപം
തീണ്ടുകയും ചെയ്യരുതേ ഞാൻ

3. അക്രമമുണർവ്വിൻ ചെയ്കിൽ ഞാൻ
പോക്കണമേ നാഥാ കൃപയാൽ
നിദ്രയിൽ ഞാൻ പിഴ ചെയ്തീടിൽ
നിൻ കൃപ മോചനമരുളണമേ.

4. എളിമയെഴും നിൻ കുരിശിനെയോ-
ർത്തേകണമടിയനു സുഖനിദ്ര
മായാരൂപക്കാഴ്ചകളിൽ
പായാതെന്നെ രക്ഷിക്ക.

5. സ്വച്ഛന്ദമുറങ്ങുന്നേരം
ദുശ്ചിന്തകൾ ദുഷ്ടന്മാരും
എന്നെ വന്നു ഭരിക്കായ് വാ
നീരാവിൽ കാക്കണമെന്നെ.

6. എൻദേഹമശേഷം കാപ്പാ-
നേകുക വെളിവിൻ ദൂതനെ നീ

നിൻ മെയ് ഞാൻ ഭക്ഷിച്ചതിനാൽ
ദുർമ്മോഹേ വീഴരുതേ ഞാൻ.

7. ആശ്വാസത്തൊടുറങ്ങുമെനി-
ക്കാവുക നിൻ രക്തം കാവൽ
ഈ നിൻ സദൃശ്യമതാം സൃഷ്ടി-
ക്കേകണമേ നിൻ സ്വാതന്ത്ര്യം

8. നിൻ കൈവേലയതാം മെയ്മേൽ
നിന്റെ വലങ്കൈ മേവണമേ
പരിചയ്ക്കൊപ്പം കാക്കുക നിൻ
കരുണക്കോട്ട വളഞ്ഞെന്നെ.

9. മെയ്യിതുറങ്ങുമ്പോൾ കാവൽ
ചെയ്യണമേ നിന്നുടെ ശക്തി
ഏൽക്കണമേ നൽധൂപം പോ-
ലെന്റെയുറക്കം തിരുമുമ്പിൽ.

10. നിൻ മാതൃപ്രാർത്ഥനയാലെൻ
ശയ്യയ്ക്കണയരുതേ ദുഷ്ടൻ
എന്നെ ഹിംസിക്കായ്‌വാൻ നിൻ
ബലി സാത്താനെ വിലക്കണമേ.

11. നിൻ വാക്കെന്നിൽ നിവർത്തിക്ക
നിൽകുരിശെന്നുയിർ കാത്തിടുക
എന്നെത്താങ്ങിയ നിന്നൻപാൽ
നിന്നെയുണർവ്വിൽ സ്തുതിചെയ്‌വാൻ

12. നിന്നിഷ്ടം കേട്ടതിനെ ഞാ-
നനുവർത്തിപ്പാൻ കർത്താവേ
നീതിയെഴുന്നൊരു രാവുമെനി-
ക്കേകണമേ നൽസന്ധ്യയതും.

13. വെളിവാം മിശിഹാ രക്ഷകാ നീ
വെളിവിൽത്തന്നെ നിൻ വാസം

വെളിവിൻ പുത്രന്മാർ നിന്നെ-
ത്തന്നെ വന്ദിച്ചീടുന്നു.

14. വെളിവിൽ വസിക്കുന്നുലകത്തിൻ
രക്ഷകനാമീശോ സ്തോത്രം
ഇഹപരലോകങ്ങളിൽ നിന്റെ
കൃപ ഞങ്ങളിലുണ്ടാകണമേ.

15. സ്തോത്രം സ്തോത്രം കർത്താവേ
സ്തോത്രമതായിരമായിരമായ്
അനവധിയായ് സ്തോത്രം നാഥാ
കൃപ വേണം ഞങ്ങളിലെന്നും.

16. സ്തോത്രം മാലാഖകൾ ശുശ്രൂ
ഷിച്ചീറയർ വന്ദിപ്പവനേ
പ്രാർത്ഥന കേൾക്കീറയരുടെയും
മാലാഖകളുടെയും നാഥാ

17. ത്രിത്വേകത്വവുമേകത്വ-
ത്രിത്വവുമായി സ്ഥിതി ചെയ്യും
പിതൃസുത പരിശുദ്ധാത്മകനാം
സത്യൈകപരന്നായ് സ്തോത്രം

18. ബലഹീനജനപ്രാർത്ഥനയെ
കേൾപ്പവനും കാഴ്ചകൾപോലെ
അനുതാപം പൂണ്ടോർ കണ്ണീർ
കൈക്കൊള്ളുന്നവനും സ്തോത്രം

19. ഈറയർ ശുശ്രൂഷിപ്പവനേ
മാലാഖകൾ വാഴ്ത്തുന്നവനേ
വൃക്ഷദലത്തിൻ സംഖ്യയിൽ മൺ-
മയർ നിന്നെ സ്തുതി ചെയ്യുന്നു.

20. പിതൃസുത പരിശുദ്ധാത്മാവാം
സത്യൈകപരന്നായ് സ്തോത്രം

ചെയ്തിടേണം നാം സത്യ-
ജ്ഞാനവിവേകത്തോടുകൂടി.

21. മൃതികരവിഷമാം പൊൻവെള്ളി
ധനമയ്യോ നേടരുതേ നീ
തേടുക സുഖകരമുപദേശം
നിന്നെ നാഥൻ സ്നേഹിപ്പാൻ.

22. നാല്പതുനോമ്പതു നോക്കുക നീ
തീറ്റുക തീനില്ലാത്തവരെ
ഈശായി സുതനൊപ്പം നീ
പ്രാർത്ഥിക്കുക ദിനമേഴുഴം

23. നാല്പതു നാളിന്നുപവാസം
മൂശ കഴിച്ചേലിയായും
നാഥൻ ശത്രുവിനെ വെന്നു
നാല്പതുനാളുപവാസത്താൽ.

24. കടൽ കുഴിയഗ്നിച്ചൂളകളിൽ
നിന്നു കരേറിയ പ്രാർത്ഥനകൾ
അടിയാരുടെ പ്രാർത്ഥനകൾക്കും
കൃപയാൽ വാതിൽ തുറക്കണമേ.

25. പ്രാർത്ഥന കേട്ടീടുന്നവനേ
യാചന നൽകീടുന്നവനേ
പ്രാർത്ഥന കേട്ടു നിരപ്പായി
കൃപയാൽ യാചന നൽകണമെ.

കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ,
കുറിയേലായിസ്സോൻ

# തിങ്കളാഴ്ച ആറാം മണി

ഒരു കൗമാ

## കോലോകൾ

1. നിനുവായക്കാർ കണ്ണുനീരോടും സങ്കടത്തോടും നടത്തിയ അനുതാപംമൂലം കർത്താവ് അവരുടെമേൽ കരുണ ചെയ്തു. എങ്കിൽ തന്റെ സ്കീപ്പുസായുടെ രക്തത്താൽ രക്ഷിച്ചിട്ടുള്ള തന്റെ ഇടവകമേലും ആട്ടിൻകൂട്ടത്തിന്മേലും കരുണ ചെയ്യുമാറാകട്ടെ. ബാറെക്മോർ

2. നിനുവായക്കാരിൽനിന്ന് ഭയങ്കര ന്യായത്തീർപ്പിനെ മായിച്ചു കളയുകയും താൻ ഉത്തമനാഥനാകുന്നുവെന്ന് അറിയിക്കയും ചെയ്തവനായ കർത്താവേ, നിന്റെ ആർദ്രദയവാൽ നിന്റെ ദാസന്മാരോടു ദയ ചെയ്കയും ക്രോധത്തിൽനിന്നും ദോഷത്തിൽനിന്നും ഞങ്ങളെ വീണ്ടുകൊള്ളുകയും ചെയ്യണമേ. മൊറിയൊറാഹേംമേലെൻ...

## ബോവൂസാ

1. ഞങ്ങളുടെ കർത്താവേ! ഞങ്ങളോടു കരുണ ചെയ്ത് ഞങ്ങളുടെ ശുശ്രൂഷ കൈക്കൊള്ളണമേ.

2. കർത്താവേ! നീതിയിൻപ്രകാരമുള്ള ന്യായത്തീർപ്പിനെ നിനുവായക്കാരിൽനിന്ന് നീ മായിച്ചപ്രകാരം നിന്റെ സഭയിൽനിന്ന് ഭിന്നതകളെയും തർക്കങ്ങളെയും നീക്കിക്കളയണമേ.

3. പിതാവും പുത്രനും പരിശുദ്ധറൂഹായുമായ സത്യേക ദൈവമേ, നിന്റെ ഇടവകയിന്മേൽ നീ കരുണ ചെയ്കയും നിന്റെ കരുണയാൽ ഞങ്ങളുടെ യാചനകൾ നൽകുകയും ചെയ്യുമാറാകണമേ.

4. പ്രാർത്ഥനകൾ കൈക്കൊള്ളുന്നവനും യാചനകൾക്ക് ഉത്തരമരുളുന്നവനുമായുള്ളോവേ! ഞങ്ങളുടെ പ്രാർത്ഥനകൾ കേട്ട് ഞങ്ങളോടു നിരപ്പായി നിന്റെ കരുണയാൽ ഞങ്ങളുടെ യാചനകൾ നൽകുമാറാകണമേ.

## *മാർ സേവറിയോസിന്റെ മാനീസ

(നിന്നെ പ്രസവിച്ച മാതാവിന്റെയും നിന്റെ പരിശുദ്ധന്മാരെല്ലാവരുടെയും പ്രാർത്ഥനയാൽ സ്വഭാവപ്രകാരം മരണമില്ലാത്തവനും തന്റെ കൃപയാൽ മനുഷ്യവർഗ്ഗം മുഴുവന്റെയും ജീവനും രക്ഷയ്ക്കുംവേണ്ടി വന്ന് വിശുദ്ധിയും മഹത്ത്വവും വെടിപ്പുമുള്ള

*ഒമ്പതാം മണിയുടെയോ, സന്ധ്യയുടെയോ പ്രാർത്ഥന ഉച്ചയ്ക്കു നടത്താത്തപ്പോൾ ബ്രായ്ക്കറ്റിൽ ഉള്ളവ ഇവിടെത്തന്നെ നടത്തേണ്ടതും ഒമ്പതാം മണിയുടേതോ സന്ധ്യയുടേതോ ഉച്ചയ്ക്ക് ഒരുമിച്ചു നടത്തുന്ന പക്ഷം അവയുടെ ഒടുവിൽ മാത്രം ബ്രായ്ക്കറ്റിൽ ഉള്ളവ നടത്തി അവസാനിപ്പിക്കേണ്ടതും ആകുന്നു. ഇത് നോമ്പിന്റെ പ്രാർത്ഥന നടത്തുന്ന ദിവസങ്ങളെ മാത്രം ബാധിക്കുന്നതാകുന്നു.

ദൈവമാതാവായ കന്യകമറിയാമിൽനിന്ന് പകർച്ച കൂടാതെ മനുഷ്യനായിത്തീരുകയും ഞങ്ങൾക്കുവേണ്ടി കുരിശിൽ തറയ്ക്കപ്പെടുകയും ചെയ്തവനായ സ്വർഗ്ഗീയപിതാവിന്റെ ഏക പുത്രനും വചനവുമായിരിക്കുന്ന രാജാവായ എന്റെ കർത്താവേ, നിന്നെ ഞാൻ പുകഴ്ത്തും. തന്റെ മരണത്താൽ ഞങ്ങളുടെ മരണത്തെ ചവിട്ടി കൊന്നവനായ വിശുദ്ധ ത്രിത്വത്തിൽ ഒരുവനും തന്റെ പിതാവിനോടും ജീവനും വിശുദ്ധിയുമുള്ള റൂഹായോടുംകൂടെ ഒന്നുപോലെ വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നവനുമായ ഞങ്ങളുടെ മിശിഹാതമ്പുരാനേ, ഞങ്ങളെല്ലാവരുടേയും മേൽ കരുണചെയ്യണമേ.)

ഒരു കൗമായും വിശ്വാസപ്രമാണവും ചൊല്ലിയശേഷം

കുറിയേലായിസ്സോൻ

മോറാനെസ്രാഹാമേമലൈൻ

(ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണചെയ്യണമേ).

മോറാൻ ഹുസുറാഹേമേമലൈൻ

(ഞങ്ങളുടെ കർത്താവേ, കൃപ ചെയ്ത് ഞങ്ങളോടു കരുണചെയ്യണമേ).

മോറാൻ അനിനുറാഹേമേമലൈൻ

(ഞങ്ങളുടെ കർത്താവേ, ഉത്തരമരുളിച്ചെയ്ത് ഞങ്ങളോടു കരുണചെയ്യണമേ).

ഇവ ഓരോന്നും പത്തു പ്രാവശ്യം വീതം ചൊല്ലി കുമ്പിട്ട ശേഷം ഞങ്ങളുടെ കർത്താവേ, നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ, നിനക്കു സ്തുതി. ഞങ്ങളുടെ ശരണമേ നിനക്കു സ്തുതി. ബാറെക്മോർ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ... ഇത്യാദി

# TUESDAY EVENING PRAYER

## ബുധനാഴ്ച സന്ധ്യ

ഒരു കൗമാ

കർത്താവേ! നിന്നെ ഞാൻ വിളിച്ചു... (പേജ് 9).

## എനിയോനോ

1. കേൾവിക്കാർക്ക് എത്രയും സങ്കടമായിരിക്കുന്ന നിനുവയുടെ വൃത്താന്തത്തിലും നല്ലവനേ, നിന്റെ ദീർഘക്ഷമയിലും അളവില്ലാതെ ഞാൻ വിസ്മയിക്കുന്നു.

2. നിന്റെ കല്പനയെ പാലിക്കാത്തതുകൊണ്ട് നിന്നിൽനിന്ന് മത്തായിയുടെ പുത്രനായ യൗനാൻ നിബി സമുദ്രത്തിലേക്ക് ഓടിപ്പോയി.

3. നല്ലവനേ! സമുദ്രത്തിലെ മത്സ്യത്തിന്റെ ഉള്ളിൽവച്ച് യൗനാൻ നിബി നിന്നോടു പ്രാർത്ഥിച്ചപ്പോൾ അവന്റെ പ്രാർത്ഥന നീ കേൾക്കുകയും അഗാധത്തിൽനിന്ന് അവനെ വീണ്ടെടുക്കുകയും ചെയ്തു.

4. എന്റെ കർത്താവേ! നശിച്ചുപോകാതെ യൗനാൻ നിബിയെ നീ വീണ്ടുകൊള്ളുകയും നീ നല്ലവനാകുന്നു എന്നും ഉന്നതത്തിന്റെയും അഗാധത്തിന്റെയും ഉടയവനാകുന്നു എന്നും നീ അവനെ കാണിക്കുകയും ചെയ്തു.

5. ഇവയ്ക്കുശേഷം നിനുവ നാല്പതു ദിവസത്തിനുള്ളിൽ കോപത്താൽ മറിച്ചിടപ്പെടും എന്ന് പ്രസംഗിപ്പാൻ ദൈവമേ നീ യൗനാൻ നിബിയെ കല്പിച്ചയച്ചുവല്ലോ. ബാറെക്മോർ

6. സത്യകല്പനയാൽ തെരുവുകളിൽ വൃദ്ധന്മാരും യൗവ്വനക്കാരും പൈതങ്ങളുമായ എല്ലാ മനുഷ്യരോടും യൗനാൻ നിബി വചനം പ്രസംഗിച്ചു. സ്തൗമെൻകാലോസ്...

## കോലോകൾ

1. നിനുവയുടെ അനുതാപം സൃഷ്ടിയിൽ ദൃഷ്ടാന്തമായി ത്തീർന്നു. അതിനാൽ ദൈവം നിരപ്പാകയും അതിൽനിന്ന് ന്യായ ത്തീർപ്പിനെ മായിക്കുകയും ചെയ്തു. തന്റെ കരുണയാൽ അതിനെ താങ്ങുകയും തന്റെ സമാധാനം അതിന്റെ മക്കളുടെ മേൽ വാഴിക്കുകയും ചെയ്തു. അതിൽനിന്ന് ശിക്ഷ നീങ്ങിപ്പോയി എന്നതുകൊണ്ട് യൗനാൻ ദുഃഖിച്ചു. അനുതാപികൾക്ക് വാതിൽ തുറന്നിരിക്കുന്ന ഉത്തമനായ നിനക്കു സ്തുതി. അതിൽ മുട്ടുന്ന ഏവനും കടങ്ങളുടെയും പാപങ്ങളുടെയും മോചനം നൽക പ്പെടുന്നു. അനുതാപികൾക്ക് വാതിൽ തുറന്നിരിക്കുന്ന നല്ലവന് സ്തുതി. ബാറെക്മോർ

2. മത്സ്യത്തിന്റെ ഉള്ളിൽവച്ച് ദീർഘദർശിയുടെ പ്രാർത്ഥന കൈക്കൊള്ളുകയും കോപത്തിൽനിന്ന് നിനുവയെ വീണ്ടു കൊള്ളുകയും നിന്റെ കരുണകളാൽ അതിനെ താങ്ങുകയും ചെയ്തപ്രകാരം വിലയേറിയ നിന്റെ രക്തത്താൽ വിലയ്ക്കു വാങ്ങിയിട്ടുള്ള നിന്റെ അടിയാരുടെ പ്രാർത്ഥന കൈക്കൊള്ള ണമേ. കാരുണ്യവാനേ, നിനക്കു സമർപ്പിക്കുന്ന നോമ്പിലും നമസ്കാരത്തിലും നീ പ്രസാദിക്കുകയും ചെയ്യണമേ. അവരുടെ കടങ്ങൾ പരിഹരിക്കുകയും അകൃത്യങ്ങൾ ക്ഷമിക്കുകയും നിന്റെ വലത്തുഭാഗത്തുള്ള മഹത്ത്വമേറിയ നിലയ്ക്ക് അവരെ യോഗ്യ രാക്കുകയും ചെയ്യണമേ.

3. സ്വർഗ്ഗരാജ്യം കല്യാണവിരുന്നു നടത്തിയ മനുഷ്യനോട് സദൃശമാകുന്നു. സ്വന്തം ജനം വരുവാൻ അതിലേക്ക് അവൻ ക്ഷണിച്ചു. എങ്കിലും അതിൽ വന്ന് ആനന്ദിക്കുവാൻ അവർക്ക് ഇഷ്ടമായില്ല. സകല ജാതികളെയും ക്ഷണിക്കുവാൻ അവൻ തന്റെ ദാസന്മാരെ പറഞ്ഞയച്ചു. എല്ലാ ഭാഗങ്ങളിൽനിന്നും വന്ന വരെക്കൊണ്ട് വിരുന്നുശാല നിറഞ്ഞു. അവൻ പുറപ്പെട്ട് അവരെ കാണുകയും ചെയ്തു. എന്നാൽ വിരുന്നുവസ്ത്രം ധരിക്കാത്ത

ഒരുവനെ കണ്ടെത്തി. താൻ കല്പിക്കുകയും അവർ അന്ധകാര ത്തിലേക്ക് അവനെ പുറംതള്ളുകയും ചെയ്തു.

മൊറിയൊറാഹേംമേലൈൻ...

## വീണ്ടും കോലോകൾ

1. കർത്താവിന്റെ കഠിനകോപം അവരിൽനിന്ന് ഒഴിഞ്ഞു പോകുവാൻ അപേക്ഷിച്ചപ്പോൾ നിനുവയുടെ ശബ്ദം ഇപ്രകാരം സങ്കടപൂർണ്ണമായിരുന്നു. 'കർത്താവേ മത്തായിയുടെ പുത്രൻ യൗനാൻ പ്രസംഗിച്ചതായ കോപശിക്ഷകൾ നിന്റെ കൃപ നിമിത്തം ഞങ്ങളിൽനിന്ന് മായിച്ചു കളയണമേ. വൃദ്ധന്മാരുടെ മേലും പൈതങ്ങളുടെ മേലും കരുണ തോന്നണമേ. സ്ത്രീക ളോടും യുവാക്കളോടും കൃപ ചെയ്യണമേ. നിന്റെ കൃപയെ സ്തോത്രം ചെയ്യുവാൻ തക്കവണ്ണം നിനുവയെ മുഴുവനും വീണ്ടു കൊള്ളേണമേ.'

ബാറെക്മോർ

2. തന്നോട് അപേക്ഷിച്ച നിനുവായക്കാരുടെ കണ്ണുനീരിനെ കൈക്കൊണ്ടവനായ ദൈവമേ, ഞങ്ങളുടെ അപേക്ഷ കൈക്കൊ ള്ളേണമേ. പരാക്രമക്കാരുടെ പട്ടണമായ നിനുവായോട് ഉത്തര മരുളിയപ്രകാരം നിന്റെ കൃപയാൽ ദരിദ്രന്മാരായ ഞങ്ങളുടെ തലമുറയോട് ഉത്തരമരുളേണമേ. എന്തെന്നാൽ നീ മാത്രം നല്ലവനും അനുതാപികളെ കൈക്കൊള്ളുന്നവനുമാകുന്നു. നിന്റെ കരുണയാൽ ഞങ്ങളോടു കൃപ ചെയ്യണമേ.

3. ഏകജാതനായ ദൈവമേ, നിന്റെ കരുണാസമുദ്രത്തി ലേക്ക് ഞാൻ സൂക്ഷിച്ചു നോക്കുന്നു. എന്തെന്നാൽ എന്റെ കടങ്ങൾ വളരെ വർദ്ധിക്കുകയും എന്റെ കുറ്റങ്ങൾ ശക്തി പ്പെടുകയും ചെയ്തിരിക്കുന്നു. നിന്റെ വെടിപ്പുള്ള സോപ്പാ കൊണ്ട് എന്റെമേൽ നീ തളിക്കണമേ. എന്റെ കണ്ണുനീരുകളാൽ എന്നെ വെണ്മയാക്കണമേ. നിന്റെ പിതാവിന്റെ സ്നേഹത്താൽ ഞാൻ യാചിക്കുന്നു. എന്റെ ശത്രുക്കൾ എന്നെ പരിഹസിക്കു

മാറാകരുതേ. എന്നാലോ അന്യായത്തിൽനിന്ന് മാനസാന്തരപ്പെടുന്ന ഒരു പാപിയെക്കുറിച്ച് മാലാഖമാർ സന്തോഷിക്കുകയും അനുതാപികൾക്കായി രാവും പകലും വാതിൽ തുറന്നിട്ടിരിക്കുന്ന കർത്താവ് വാഴ്ത്തപ്പെട്ടവനാകുന്നു എന്ന് പറയുകയും ചെയ്യുമാറാകണമേ.

## ബോവൂസാ

1. ഞങ്ങളുടെ നാഥനായ കർത്താവേ, നിന്നെ ഞങ്ങൾ വിളിക്കുന്നു. ഞങ്ങളുടെ സഹായത്തിനായി വന്ന് ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളുടെ ആത്മാക്കൾമേൽ കരുണ ചെയ്യണമേ.

2. യൗനാന്റെ പ്രസംഗവചനം നിനുവാ രാജാവിന്റെ സന്നിധിയിൽ എത്തി. നാശത്തെയും ഉന്മൂലനത്തെയും കുറിച്ചു കേട്ടു. ഉഗ്രനായ രാജാവ് കുലുങ്ങി. ഭയങ്കരനായ രാജാവിനോട് നിനുവായക്കാർ യൗനാനെക്കുറിച്ചു പറഞ്ഞതെന്തെന്നാൽ 'നിന്റെ രാജാധിപത്യത്തിന് എതിരായി വിധി കല്പിക്കയും കോപിച്ചിരിക്കയും ചെയ്യുന്ന ഇവൻ ആരാകുന്നു'.

3. 'ഭൂരാജാക്കന്മാരെ വകവയ്ക്കാത്ത ഇവനെ അയച്ചവൻ ആരാകുന്നു. കാഴ്ചയിൽ നിസ്സാരനായ ഇവൻ ഞങ്ങൾക്ക് വിധി തീർപ്പ് കല്പിക്കുന്നതെന്ത്? ഈ പറയുന്ന വചനങ്ങൾ സത്യമോ എന്ന് ഇവൻ വന്ന് വെളിപ്പെടുത്തട്ടെ. നമ്മുടെ ദേശത്തിനു വിരോധമായി ഏതു കാരണത്താൽ ഇവൻ കോപിച്ചിരിക്കുന്നു എന്ന് നമുക്ക് ഇവനിൽനിന്ന് ഗ്രഹിക്കാം'.

4. സകലവും കേൾക്കുന്നവനും പ്രാർത്ഥനകൾ കൈക്കൊള്ളുന്നവനുമായ കർത്താവേ! ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളുടെ ആത്മാക്കൾമേൽ കരുണചെയ്യണമേ.

ഞങ്ങളുടെ കർത്താവായ യേശുമിശിഹാ... (പേജ് 44)

കൗമാ

## സൂത്താറാ പ്രാർത്ഥന

### കൗമാ

(ശ്ഹീമാ പ്രാർത്ഥനയിലെ കോലോകൾ ചൊല്ലുന്നില്ലെങ്കിൽ അതിനുപകരം കരുണയുള്ള ദൈവമേ... എന്നതു ചൊല്ലിക്കഴിഞ്ഞ് കർത്താവേ കൃപചെയ്യണമേ... എന്ന ശയനപ്രാർത്ഥനയും മസുമൂറുകളും കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്തുനിന്ന്... ഇത്യാദി കൗമായും വിശ്വാസപ്രമാണവും ചൊല്ലി പതിവുപോലെ അവസാനിപ്പിക്കണം. പേജ് 18-31).

## ബുധനാഴ്ച രാത്രി

### ഒരു കൗമാ

ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ... (പേജ് 31).

രാത്രികാലങ്ങളിൽ... (പേജ് 31).

## എനിയോനോ

1. യൗനാൻ സമുദ്രത്തിൽനിന്ന് കരേറിയപ്പോൾ 'നിങ്ങൾ അനുതപിച്ച് ജീവിപ്പിൻ' എന്ന് നിനുവായക്കാരോട് പ്രസംഗിപ്പാൻ നിനുവായിലേക്ക് യാത്ര പുറപ്പെട്ടു. ദൈവമേ നിനക്കു സ്തുതി. നിനക്കു സ്തുതി. നിനക്കു സ്തുതി. കരുണയുള്ളവനേ, നിന്റെ കരുണയാൽ ഞങ്ങളോടു കരുണ ചെയ്യണമേ.

2. സ്രഷ്ടാവ് അവനോട് കല്പിച്ചപ്രകാരം അവൻ തെരുവിൽ ശബ്ദം ഉയർത്തി. 'ഇതാ ക്രോധശിക്ഷ വരുന്നു' എന്നുള്ള ശബ്ദഘോഷണത്താൽ അവൻ അവരെ ഇളക്കി. ദൈവമേ നിനക്കു സ്തുതി. നിനക്കു സ്തുതി. നിനക്കു സ്തുതി. കരുണയുള്ളവനേ, നിന്റെ കരുണയാൽ ഞങ്ങളോടു കരുണ ചെയ്യണമേ.

3. തങ്ങളുടെ ഭണ്ഡാരങ്ങളെ നോക്കിക്കണ്ട ധനവാന്മാർ മനം തിരിഞ്ഞു. വിദ്യാലയങ്ങളിലേക്കു പഠനത്തിനായി പുറപ്പെട്ട

## ബുധനാഴ്ച ആറാം മണി

ഒരു കൗമാ

### കോലോകൾ

1. കഠിനതരവും ഉഗ്രവുമായ കോപപ്രവാഹത്തെ നെടുവീർപ്പോടുകൂടിയ കണ്ണുനീരിന്റെ പ്രവാഹത്താൽ നിനുവ ജയിച്ചു. അതു മുങ്ങിപ്പോകുന്നതിന് കടങ്ങൾ തിരമാലകൾ പോലെയായി. വീണ്ടും അതിന്റെ ഉദ്ധാരണത്തിന് പരിശുദ്ധ നോമ്പ് ഒരു കപ്പലായിത്തീരുകയും, അതു വിശുദ്ധ നോമ്പു നിശ്ചയിക്കുകയും, നീതിയുടെ ഭയങ്കര ന്യായത്തീർപ്പിനെ താൻ നീക്കുകയും ചെയ്യുന്നു. ബാറെക്മോർ

2. ഞങ്ങളുടെ കർത്താവായ യേശുമിശിഹാ നിന്റെ കൃപയാൽ ഞങ്ങളുടെ കടങ്ങളെ പുണ്യമാക്കുകയും നിന്റെ കരുണയാൽ ഞങ്ങളുടെ പാപങ്ങളെ ക്ഷമിക്കുകയും ചെയ്യണമേ. തങ്ങളുടെ പ്രവൃത്തികളാൽ നിന്റെ നീതിയെ കോപിപ്പിച്ചവരായ നിന്നെ വിളിക്കുന്ന പാപികളിൽനിന്ന് നീ മൗനമായിരിക്കണമേ. എന്റെ കർത്താവേ! സ്കീപ്പായിലേക്ക് നിന്നെ ചായിച്ചുകൊണ്ടു വന്ന നിന്റെ കൃപ ദുഃഖകാലങ്ങളിൽ ഞങ്ങൾക്കുവേണ്ടി മദ്ധ്യസ്ഥത ചെയ്യുകയും നിന്റെ കഷ്ടാനുഭവങ്ങൾ നിന്നോട് അപേക്ഷിക്കുകയും ഞങ്ങളിൽനിന്ന് സർവ്വ ദുഷ്ടതകളെയും വിലക്കുകയും ചെയ്യണമേ. മൊറിയൊറാഹേംമേലൈൻ...

### ബോവൂസോ

1. ഞങ്ങളുടെ കർത്താവേ, ഞങ്ങളോട് കരുണ ചെയ്യേണമേ. ഞങ്ങളുടെ ശുശ്രൂഷ കൈക്കൊള്ളുകയും ചെയ്യണമേ.

2. നാല്പതു ദിവസത്തിനുള്ളിൽ അവരുടെമേൽ വരുന്ന കോപം നിമിത്തം ഇളക്കങ്ങളും വിറയലും നിറഞ്ഞ സങ്കടകരമായ നെടുവീർപ്പിൻ ശബ്ദം അവർ ഉയർത്തി.

3. അവരുടെ അന്യായത്തെ കാണുകയും അവിടെ പ്രസംഗകനെ അയയ്ക്കുകയും ചെയ്ത നല്ലവനായ ദൈവം വാഴ്ത്തപ്പെട്ടവനാകുന്നു. ദുഷ്ടവഴിയിൽനിന്ന് അവർ അവരെ തിരിപ്പിക്കുകയും അവർ സ്തുതിപാടുകയും ചെയ്തു.

4. പ്രാർത്ഥനകൾ കേൾക്കുന്നവനും യാചനകൾക്ക് ഉത്തരമരുളുന്നവനുമായുള്ളോവേ! ഞങ്ങളുടെ പ്രാർത്ഥനകൾ കേട്ട് ഞങ്ങളോട് നിരപ്പായി നിന്റെ കരുണയാൽ ഞങ്ങളുടെ യാചനകൾ നൽകുമാറാകണമേ.

ഒരു കൗമാ

# ബുധനാഴ്ച ഒമ്പതാം മണി

ഒരു കൗമാ

## കോലോകൾ

1. നിനുവയുടെ അനുതാപം മേല്പോട്ട് കയറുകയും സ്വർഗ്ഗത്തിന്റെ വാതിൽ തുറക്കുകയും ചെയ്തു. അവരുടെ കണ്ണുനീരുകളെ കണ്ട നല്ലവന് അവരുടെ ദുഃഖത്തിൽ കരുണതോന്നി. എന്തെന്നാൽ മരിച്ചു എങ്കിലും അവർ അതിവേദനപ്പെട്ടില്ല. ജീവിതത്തിൽ അവർ മരണത്തെ ആസ്വദിച്ചു. അവരുടെ അപേക്ഷയെ കേൾക്കുകയും ന്യായത്തീർപ്പിനെ നീക്കിക്കളയുകയും ചെയ്തവൻ വാഴ്ത്തപ്പെട്ടവൻ. ബാറെക്മോർ

2. സമുദ്രത്തിന്റെ ഉള്ളിൽ അടിസ്ഥാനക്കല്ല് ഇല്ലാതെ പണിയപ്പെട്ട ഭവനത്തെ കണ്ടവൻ ആരുള്ളൂ? മത്തായിയുടെ പുത്രനായ യൗനാൻ എന്ന നീതിമാൻ അതിൽ വസിക്കുകയും, വായ്ക്ക് തേനിനെക്കാൾ മാധുര്യമേറിയ സംഗീതങ്ങൾ അവൻ പാടുകയും ചെയ്തു. ദൈവമേ എന്നോട് കരുണതോന്നി എന്റെ അകൃത്യങ്ങളെ എന്നോട് ക്ഷമിക്കണമേ എന്ന് അവൻ പറഞ്ഞു.

മൊറിയൊറാഹേംമേലൈൻ...

## ബോവൂസോ

1. പാപികളോട് കരുണചെയ്യുന്നവനായ കർത്താവേ നീ ന്യായം വിസ്തരിക്കുന്ന ദിവസത്തിൽ ഞങ്ങളോടു കരുണ ചെയ്യണമേ.

2. കണ്ടാലും നിന്റെ നിവാസികളെ ഉന്മൂലനം ചെയ്യുവാനുള്ള ക്രോധം വന്ന് അടുത്തിരിക്കുന്നു. നിനക്ക് എന്തുവന്നു സംഭവിക്കുമെന്ന് അറിയാത്തതിനാൽ നിനക്ക് കഷ്ടം. എന്തെന്നാൽ നിന്റെ ശിക്ഷ വലുതും, നിന്റെ വേദന ശക്തിയേറിയതുമാകുന്നു.

3. നിനുവായക്കാരുടെ അപേക്ഷ കൈക്കൊണ്ടവനായ ദൈവമേ! ഞങ്ങളുടെ അപേക്ഷ കൈക്കൊണ്ട് ഞങ്ങളോട് കരുണചെയ്യണമേ. ഞങ്ങൾ നിന്നെയും പിതാവിനെയും നിന്റെ പരിശുദ്ധറൂഹായെയും സ്തോത്രം ചെയ്തു വന്ദിക്കുന്നതുകൊണ്ട് ഞങ്ങളുടെമേൽ കരുണചെയ്യണമേ.

4. മേലുള്ളവരുടെ ഉടയവനും താഴെയുള്ളവരുടെ ശരണവുമായ കർത്താവേ ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ട് ഞങ്ങളോടു കരുണചെയ്യണമേ.

(അനന്തരം നാല്പതു കുമ്പിടൽ നടത്തുകയും തുടർന്ന് വി. കുർബ്ബാന ആരംഭിക്കുകയും ചെയ്യണം. വി. കുർബ്ബാനയിലെ ഗീതങ്ങൾ നോമ്പിന്റെ രീതിയിൽ ചൊല്ലേണ്ടതാണ്. വി. കുർബ്ബാനയിൽ സംബന്ധിക്കുവാൻ സൗകര്യമില്ലാത്തവർ 'നിന്നെ പ്രസവിച്ച മാതാവിന്റെയും' ഇത്യാദി സേവേറിയോസിന്റെ മാനീസാ, കൗമാ, വിശ്വാസപ്രമാണം, 40 കുമ്പിടൽ എന്നിവ നടത്തി പതിവിൻപ്രകാരം അവസാനിപ്പിക്കുന്നു).

# WEDNESDAY EVENING PRAYER

## ചൊവ്വാഴ്ച സന്ധ്യ

ഒരു കൗമാ

കർത്താവേ നിന്നെ ഞാൻ വിളിച്ചു... ഇത്യാദി (പേജ് 9).

## എനിയോനോ

1. സമുദ്രത്തിൽനിന്ന് പുറപ്പെട്ട യൗനാൻ മൂലം നിനുവ പട്ടണം കലങ്ങി. നീതിമാനായ യൗനാൻ വായ് തുറക്കുകയും നിനുവാക്കാർ അവന്റെ വചനം കേട്ട് ദുഃഖിക്കുകയും ചെയ്തു.

2. കോട്ടയെ മുഴുവനായി കലക്കിയ എബ്രായ പ്രസംഗകൻ നിനുവാപട്ടണത്തിന് കഷ്ടം എന്ന് പ്രസംഗിക്കുകയും കേൾവിക്കാർക്ക് പാപംമൂലമുള്ള മരണത്തെപ്പറ്റി അറിയിക്കയും ചെയ്തു.

3. പ്രഭുക്കന്മാർ അവനെ കേട്ടു; അവരുടെ കിരീടങ്ങൾ വലിച്ചെറിഞ്ഞ് താഴ്മപ്പെട്ടു; സ്വതന്ത്രന്മാർ കേട്ട് പരിഭ്രമിച്ചു. അവരുടെ ആഡംബരവസ്ത്രങ്ങൾക്കു പകരം ചാക്ക് ഉടുത്തു.

4. ബഹുമാന്യ വൃദ്ധന്മാർ അവനെ കേട്ടു; ചാരം തലയിൽ വിതറി. ധനവാന്മാർ അവനെ കേട്ടു; തങ്ങളുടെ നിക്ഷേപങ്ങളെ ദരിദ്രർക്ക് തുറന്നുകൊടുത്തു.

5. ഞങ്ങളുടെ വർഗ്ഗത്തിന്മേൽ തന്റെ പ്രവാഹത്തെ ഒഴുക്കിയ അനുഗ്രഹങ്ങളുടെയും കരുണയുടെയും സമുദ്രമായ കർത്താവേ! നിന്റെ വിലാപ്പുറത്തുനിന്ന് ഒഴുകിയിട്ടുള്ള രക്തത്താൽ നിന്റെ ഇടവകയുടെ കടങ്ങൾ ക്ഷമിക്കണമേ.

6. എന്റെ സഹോദരന്മാരേ! നിനുവായക്കാരെപ്പോലെ ദ്വേഷകളെ നാം ഉപേക്ഷിക്കുകയും നന്മകളുടെ ആയുധം ധരിക്കുകയും രാജാധിരാജനെ നിരപ്പാക്കുകയും ചെയ്യണം.

ബാറെക്മോർ

7. കർത്താവേ എല്ലാ വായ്കളിൽനിന്നും നിനക്കു സ്തോത്രവും എല്ലാ നാവുകളിൽനിന്നും നിനക്കു സ്തുതിയും ഉണ്ടായിരിക്കട്ടെ. ഞങ്ങളുടെ രക്ഷയിൽ ആഗ്രഹിക്കുന്ന നല്ലവനായ കർത്താവേ നിനക്കു സ്തുതി. ഞങ്ങളുടെമേൽ കരുണയുണ്ടായിരിക്കണമേ.

സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ

## കോലോകൾ

1. നിനുവയിലെ തെരുവുകളിൽ യൗനാൻ വിറയലും സംഭ്രമവും പ്രസംഗിച്ചുകൊണ്ട് സഞ്ചരിച്ചു. രാജാവ് കേട്ട് ഇളകുകയും ഭ്രമിക്കുകയും ചെയ്തു. കണ്ടാലും നിന്നെ ഇവർ വിളിക്കുന്നതുകൊണ്ടും തിന്മകളിൽനിന്ന് അനുതപിക്കുന്നതുകൊണ്ടും കരുണയുള്ളവനായ കർത്താവേ! നിന്റെ ദാസന്മാരുടെ മേൽ കൃപ ചെയ്യണമേ എന്ന് സങ്കടത്തോടും ദുഃഖത്തോടും കൂടി കരഞ്ഞു പറവാൻ തുടങ്ങി.

ബാറെക്മോർ

2. നിനുവായക്കാർ ദൈവത്തിനു സമർപ്പിച്ച അപേക്ഷ വളരെ മനോഹരമായിരുന്നു. നല്ലവനായ ദൈവം അവരുടെ കരച്ചിലും കഷ്ടതയും കണ്ണുനീരും ജാഗരണവും നോമ്പും സങ്കടഹൃദയവും കണ്ട് നിരപ്പാകുകയും അനുതാപമുള്ള ജനത്തിൽനിന്ന് കോപത്തെ മായിക്കുകയും ചെയ്തു.

3. കർത്താവേ! നിന്നോടു ഞങ്ങൾ പാപം ചെയ്തു. ഞങ്ങളുടെ കുറ്റങ്ങളാൽ നിന്നെ വളരെ കോപിപ്പിച്ചു എന്ന് ഞങ്ങൾ അറിയുന്നു. നീതി ഞങ്ങളുടെ നേരെ തിരിഞ്ഞ് വാൾ ഊരുന്നെങ്കിൽ നിന്റെ കരുണ ഞങ്ങളുടെ മുമ്പിൽ നിൽക്കു

മാറാകണമേ. കർത്താവേ, കാലാവസാനം അടുത്തിരിക്കുന്നുവെങ്കിൽ ഞങ്ങളുടെ അന്ത്യം നിന്റെ കരുണയിൻപ്രകാരം ആകണമേ.

മൊറിയൊറാഹേംമേലൈൻ...

## വീണ്ടും കോലോകൾ

1. പട്ടണത്തിനും അതിലെ നിവാസികൾക്കും നാശവും ക്ഷയവും അട്ടഹസിച്ച പ്രവാചകന്റെ പ്രസംഗം രാജാവു കേട്ടു. ക്രോധത്തോടെ കോട്ടയെ നശിപ്പിക്കുന്നതിനുള്ള വാളിനെ അവന്റെ വചനം വഹിച്ചിരുന്നു. രാജാവും സൈന്യവും ഓടിവന്ന് കർത്താവിന്റെ വാതിൽക്കൽ നിന്നു. അവർ അളവില്ലാതെ കണ്ണുനീർ ചൊരിയുകയും കരുണയും ദയവും പ്രാപിക്കുകയും ചെയ്തു.

ബാറെക്മോർ

2. പ്രഭാതത്തിൽ പരാക്രമക്കാരുടെ പട്ടണമായിരുന്ന നിനുവയിൽ എബ്രായനായ യൗനാന്റെ ശബ്ദം മുഴങ്ങി. അതിന്റെ ബലമുള്ള കോട്ടകൾ വിറച്ചു. അതിലെ നിവാസികൾ സംഭ്രമം ധരിച്ചു. തന്നിമിത്തം പരിഭ്രമം പിടിച്ച ജനം ഞങ്ങളുടെ മേൽ കരുണചെയ്യണമേ എന്ന് അട്ടഹസിക്കുകയും ചെയ്തു. ഭയങ്കര സംഗതികളെക്കുറിച്ചുള്ള കേൾവിയാൽ ആ ഉഗ്രൻ അവരെ ഇളക്കി. അവർ 'കർത്താവേ ഞങ്ങളോടു കരുണചെയ്യണമേ' എന്ന് ഭയത്തോടും വിറയലോടും നിലവിളിച്ചു പ്രാർത്ഥിച്ചു.

3. പാപിയെ നീ ദൈവത്തിൽനിന്ന് മോചനം യാചിക്കുക. കർത്താവിന്റെ പ്രാർത്ഥന നീ പഠിക്കുക. കർത്താവേ! നിന്റെ രാജ്യം വരേണമേ. നിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമേ. ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോട് ക്ഷമിക്കേണമേ. പരീക്ഷയിലേക്ക് ഞങ്ങളെ നീ പ്രവേശിപ്പിക്കരുതേ. എന്നാലോ ദുഷ്ടനിൽനിന്ന് ഞങ്ങളെ രക്ഷിക്കേണമേ എന്ന് എപ്പോഴും നീ പ്രാർത്ഥിക്കണം.

## ബോവൂസാ

1. ഞങ്ങളുടെ നാഥനായ കർത്താവേ, നിന്നെ ഞങ്ങൾ വിളിക്കുന്നു. ഞങ്ങളുടെ സഹായത്തിനായി വന്ന് ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളുടെ ആത്മാക്കളിന്മേൽ കരുണ ചെയ്യണമേ.

അനുതാപത്തിലേക്ക് പട്ടണം മുഴുവനെയും ക്ഷണിക്കുന്നതിന് രാജകൊട്ടാരത്തിൽനിന്ന് ഉഗ്രശാസന പുറപ്പെട്ടു. ഒന്നിനു പുറകെ ഒന്നായി തെരുവുകളിൽ അന്വേഷകന്മാർ വർദ്ധിച്ചു. അവരുടെ ശബ്ദത്തിൽ യൗനാന്റെ ശബ്ദം ലയിച്ചു പോയി. മണവാട്ടിമാർ തങ്ങളുടെ ശോഭയേറിയ വസ്ത്രങ്ങൾ നീക്കുകയും നിലവിളിച്ചുകൊണ്ട് ചാക്ക് ധരിക്കുകയും ചെയ്തു. അലങ്കാരവസ്ത്രങ്ങൾക്കു പകരം മലിനവസ്ത്രങ്ങൾ ധരിച്ചു. സുഗന്ധവർഗ്ഗത്തിനു പകരം അവരുടെ തലകളിൽ ചാരം വിതറി. വിലാപവും മഹാനിലവിളിയും നിറഞ്ഞ ലേഖനം നിനുവായക്കാർ തങ്ങളുടെ കണ്ണുനീരാൽ എഴുതി.

3. അവരുടെ അനുതാപം കൈക്കൊണ്ട് അവരെ രക്ഷിച്ചവനായ മ്ശിഹാ തമ്പുരാനേ, ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളിൽനിന്ന് എല്ലാ ഉപദ്രവങ്ങളെയും നീക്കിക്കളയണമേ. നല്ല ഇടയനായുള്ളോവേ, നിന്നെയും നിന്റെ പിതാവിൽ അദൃശ്യനായ വിശുദ്ധ റൂഹായെയും സദാ നിന്റെ കൃപനിമിത്തം ഞങ്ങൾ സ്തോത്രം ചെയ്യുമാറാകണമേ.

4. സകലവും കേൾക്കുന്നവനും പ്രാർത്ഥനകൾ കൈക്കൊള്ളുന്നവനുമായ കർത്താവേ! ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളുടെ ആത്മാക്കൾമേൽ കരുണചെയ്യണമേ.

(മോറാനേശുമ്ശിഹാ) ഞങ്ങളുടെ കർത്താവായ യേശുമിശിഹാ! നിന്റെ കരുണയുടെ... (പേജ് 44)

ഒരു കൗമാ

# ചൊവ്വാഴ്ച ആറാം മണി നമസ്കാരം

ഒരു കൗമാ

## കോലോകൾ

1. നിനുവായക്കാർ കഷ്ടതയാലും വിലാപത്താലും സമർപ്പിച്ച അനുതാപത്താൽ രക്ഷ പ്രാപിച്ചു. അവർ ധരിച്ച സങ്കടവും വിലാപവും മൂലം കർത്താവു നിരപ്പായി. രാജാവിന്റെ ഭൃത്യന്മാർ അവനെ കണ്ട് അവനെപ്പോലെ ചാക്കു ധരിച്ചു. വൃദ്ധന്മാരും യുവാക്കളും പൈതങ്ങളും ചാക്കു ധരിച്ച് ഉപവസിച്ചു. കർത്താവ് അവരുടെ കണ്ണീർ കണ്ട് അവരോട് ദയ ചെയ്തു.

ബാറെക്മോർ

2. ദൈവഭക്തിയെ സ്നേഹിക്കുന്നവനു ഭാഗ്യം. അതു നിനുവായക്കാരെ എന്നവണ്ണം കോപത്തിൽനിന്ന് അവനെ രക്ഷിക്കുന്നു. അതു ജീവന്റെ ഭവനത്തിലേക്കുള്ള വഴി ഉപദേശിക്കുകയും മോക്ഷത്തിലേക്കുള്ള വഴിയായി തീരുകയും ചെയ്തു. അത് അപകടം നിറഞ്ഞ സ്ഥലത്ത് അവനു കൂട്ടായിത്തീരുകയും നീതിമാന്മാർ വസിക്കുന്ന സ്ഥലം അവന് കാണിച്ചുകൊടുക്കുകയും ചെയ്യും.

## മാർ യാക്കോബിന്റെ ബോവൂസാ

1. ഞങ്ങളുടെ നാഥനായ കർത്താവേ, നിന്നെ ഞങ്ങൾ വിളിക്കുന്നു. ഞങ്ങളുടെ സഹായത്തിനായി വന്ന് ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളുടെ ആത്മാക്കൾമേൽ കരുണ ചെയ്യണമേ.

2. ദൈവസന്നിധിയിൽ നിനുവായക്കാർ സമർപ്പിച്ച അപേക്ഷയാൽ നാല്പതു ദിവസം സങ്കടശബ്ദം കേൾക്കപ്പെട്ടു. അതിന്റെ ദോഷതകൾ നിമിത്തം കോപിച്ചിരുന്ന നീതി നിരപ്പാകേണ്ടതിന് അവർ നാല്പതു ദിവസം കൈകൂപ്പി യാചിച്ചു.

3. ദൈവം പ്രീതിപ്പെടുന്നതിനും അവർക്കായി ഒരുക്കിയിരുന്ന ക്രോധത്തെ തടയുന്നതിനും തിരുസന്നിധിയിൽ അവർ നാല്പതു ദിവസം കണ്ണുനീർ ഒഴുക്കുകയും അനുതാപത്തിന്റെ പെരുനാൾ ആഘോഷിക്കുകയും അവർ വഹിച്ചിരുന്ന കണ്ണുനീരാൽ തന്നിൽനിന്ന് കരുണയെ വാങ്ങുകയും ചെയ്തു.

4. സകലവും കേൾക്കുന്നവനും പ്രാർത്ഥനകൾ കൈക്കൊള്ളുന്നവനുമായുള്ളോവേ, ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളുടെ ആത്മാക്കളോട് കരുണചെയ്യണമേ.

(നിന്നെ പ്രസവിച്ച മാതാവിന്റെയും... ഇത്യാദി മാർ സേവേറിയോസിന്റെ മാനീസാ, കൗമാ, വിശ്വാസപ്രമാണം, 40 കുമ്പിടീൽ നടത്തി പതിവിൻപ്രകാരം അവസാനിപ്പിക്കുന്നു).